പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 191

04/10/2016 ൽ
മറുപടിക്ക്

## മലബാർ സിമന്റ്സിന്റെ പ്രവർത്തനം സംബന്ധിച്ച പരാതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) പ്രമുഖ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ മാനേജിംഗ് ഡയറക്ടർ അറസ്റ്റിലാകാനുള്ള കാരണങ്ങൾ അറിയിക്കാമോ; | എ) മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിന്റെ തുടർച്ചയായിട്ടാണ് 05/09/2016 ന് മാനേജിംഗ് ഡയക്ടറെ അറസ്റ്റ് ചെയ്തത്. |
| ബി) സ്ഥാപനത്തിലെ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് തൊഴിലാളികൾ ഉയർത്തിയ പരാതികളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതേക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | ബി) മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പരാതികളിന്മേൽ വിജിലൻസ് വകുപ്പിന്റെ അന്വേഷണത്തിലാണ്. |
| സി) മലബാർ സിമന്റ്സിന്റെ ബൾക്ക് സിമന്റ് യൂണിറ്റിനായുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് പദ്ധതിയെക്കുറിച്ച് പരാതി ഉയർന്നിട്ടുണ്ടോ; പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? | സി) മലബാർ സിമന്റ്സ് വിപുലീകരണത്തിന്റെ ഭാഗമായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്താണ് ക്ലിങ്കറും സിമന്റും ഇറക്കുമതിചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള 160 |

കോടി രൂപ ചെലവുള്ള ഒരു സിമന്റ് ബൾക്ക് ഹാന്റിലിംഗ് ടെർമിനൽ പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കമ്പനിയുടെ പ്രധാന അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ലിന്റെ ലഭ്യത ശോഷിച്ചു വരുന്നതിനാൽ, ഉല്പാദനവും വിപണനവും ഗണ്യമായി ഉയർത്തണമെങ്കിൽ ഇത്തരത്തിലുള്ള ഒരു ബൾക്ക് ഹാന്റിലിംഗ് യൂണിറ്റ് വേണ്ടിവരും. എന്നിരുന്നാലും ഈ പദ്ധതിയുടെ വിശദാംശങ്ങളും ഇനിയുള്ള പദ്ധതി ചെലവുകളുമൊക്കെ പരിശോധിച്ചതിനു ശേഷം മാത്രമേ പദ്ധതിയുടെ അടുത്ത ഓരോ ഘട്ടങ്ങളും നടപ്പിലാക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ